| | | |
|---|---|---|
| ജൂനിയർ ലാബ് അസിസ്റ്റന്റ് | . . | 6 |
| ജൂനിയർ സയന്റിഫിക് ഓഫീസർ | . . | 1 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-1 | . . | 1 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 | . . | 10 |
| സെക്യൂരിറ്റി ഗാർഡ് | . . | 1 |

ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്, 15 പേർക്ക്.

(എഫ്) 15 പേർക്ക്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും പരിശീലകരുടെ കുറവും നിമിത്തം.

(ജി) ഇല്ല.

(എച്ച്) വിദ്യാഭ്യാസ യോഗ്യതയും നിയമന രീതിയും സ്ഥിരീകരിച്ചിട്ടില്ലാത്തതിനാൽ.

(ഐ) വിദ്യാഭ്യാസ യോഗ്യതയും നിയമന രീതിയും സ്ഥിരീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ട്രോമാകെയർ യൂണിറ്റ് കെട്ടിട നിർമ്മാണം

101 [3152] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ട്രോമാകെയർ വാർഡുകൾക്കുള്ള കെട്ടിടം പണി പൂർത്തിയായതെന്നാണ്;

(ബി) ഇവിടെ ട്രോമാകെയർ യൂണിറ്റ് ആരംഭിക്കാത്തതെന്തുകൊണ്ടാണ്;

(സി) ട്രോമാകെയർ യൂണിറ്റിനുള്ള കെട്ടിടത്തെ പ്രധാന വാർഡുകളുമായി ബന്ധിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) അതു സംബന്ധിച്ച് പണിക്കുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയോ;

(ഇ) ഇതിന്റെ പണി എന്നാരംഭിച്ചു പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ട്രോമാകെയർ വാർഡുകൾക്കുള്ള കെട്ടിടം പണി 10-2-2005-ൽ പൂർത്തിയായി.

(ബി) കെട്ടിടം പണി പൂർത്തിയായെങ്കിലും വിദ്യുച്ഛക്തി കണക്ഷൻ കിട്ടാനുണ്ട്. കൂടാതെ ട്രോമാകെയർ പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ടിവരുന്ന ജീവനക്കാരെ നിയമിക്കേണ്ടതും അത്യാവശ്യം വേണ്ടിവരുന്ന ഉപകരണങ്ങൾ ലഭ്യമാക്കേണ്ടതുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രധാന വാർഡുകളുമായി ബന്ധിപ്പിച്ചിട്ടില്ല. അതിനുവേണ്ടി ഫ്ളൈ ഓവർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഫ്ളൈ ഓവർ നിർമ്മാണത്തിനുള്ള പ്ളാനും എസ്റ്റിമേറ്റും തയ്യാറാക്കുകയും അതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ഇ) പൊതുമരാമത്തു വകുപ്പ് ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായുള്ള ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം എത്രയും പെട്ടെന്ന് പൂർത്തിയാവുമെന്ന് പ്രതീക്ഷിക്കുന്നു.

## നെടുങ്ങോലം ഗവൺമെന്റ് ആശുപത്രിയിലെ വികസന പദ്ധതികൾ

102 [3154] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്ങോലം ഗവൺമെന്റ് താമരാവു ആശുപത്രിയിൽ യൂറോപ്യൻ കമ്മീഷന്റെ സഹായത്തോടെ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നത്;

(ബി) ഇവ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) നെടുങ്ങോലം ആശുപത്രിയുടെ വികസനത്തിനായി 2003 ഡിസംബർ 19-ന് നടന്ന യൂറോപ്യൻ കമ്മീഷൻ സെക്ടർ റീഫോം സെൽ മീറ്റിംഗിൽ അവതരിപ്പിച്ച പ്രോജക്ടിന് യൂറോപ്യൻ കമ്മീഷനും കേന്ദ്ര ആരോഗ്യമന്ത്രാലയവും അനുമതി നൽകുകയുണ്ടായി.

പ്രോജക്ടിന്റെ ആകെ തുക 72,72,000 (എഴുപത്തിരണ്ട് ലക്ഷത്തി എഴുപത്തിരണ്ടായിരം) രൂപയാണ്.

ഒ. പി., ഐ. പി. ബ്ളോക്ക് പണിയുന്നതിനും ഓപ്പറേഷൻ തീയേറ്ററിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനും ലാബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനും ആംബുലൻസ് വാങ്ങുന്നതിനുമാണ് തുക വകയിരുത്തിയിട്ടുള്ളത്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെ തുടങ്ങിയിട്ടില്ല. തുടങ്ങിക്കഴിഞ്ഞാൽ ഏകദേശം ഒരു വർഷംകൊണ്ട് പൂർത്തിയാക്കാൻ കഴിയും എന്ന് കരുതുന്നു.

## മാവേലിക്കര താലൂക്കിലെ ചുനക്കര പി. എച്ച്. സി., സി. എച്ച്. സി. ആക്കുന്നതിന് സ്വീകരിച്ച നടപടികൾ

103 [3155] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരാഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്കിലെ ചുനക്കര പി. എച്ച്. സി., സി. എച്ച്. സി. ആക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ:

(ബി) ഏതൊക്കെ ഏജൻസികളുടെ സഹകരണത്തോടെയാണ് പി.എച്ച്.സി. കളുടെ നവീകരണം നടക്കുന്നത് എന്ന് വിശദമാക്കുമോ;

(സി) ചുനക്കര പി.എച്ച്.സി.യുടെ നവീകരണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly